## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1351

21.03.2012-ലെ മറുപടിയ്ക്ക്

### സഹകരണ നിക്ഷേപങ്ങൾക്ക് പ്രോൽസാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. വാഹീദ്<br>'' വി.ഡി. സതീശൻ<br>'' എ.പി. അബ്ദുള്ളക്കുട്ടി<br>'' പി.സി. വിഷ്ണുനാഥ് | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിക്ഷേപ സമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. ഇപ്രകാരം സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണത്തിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി ട്രോഫി നൽകാറുണ്ട്. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി നിക്ഷേപ സമാഹരണം ശക്തിപ്പെടുത്തുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസുള്ള അർബൻ സഹകരണ ബാങ്കുകൾ എന്നിവയിൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീം നിലവിലുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പ |

സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ ടി വായ്പ സഹകരണ സംഘങ്ങളുടെ വിഹിതമായി ഈ നിധി (കോർപസ് ഫണ്ട്) യിലേക്ക് അടയ്ക്കേണ്ടതുണ്ട്. സർക്കാരിനും വിഹിതം നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഈ നിധിയിലേക്ക് സർക്കാർ വിഹിതം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കുമോ; | (ഡി) | നാളിതുവരെ 52.85 ലക്ഷം രൂപ സർക്കാർ വിഹിതമായി ടി നിധിയിലേക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | ഏതെങ്കിലും സഹകരണ സംഘങ്ങൾക്ക് നിക്ഷേപങ്ങൾ മടക്കി കൊടുക്കുവാൻ കഴിയാതെ വന്നാൽ ഈ നിധിയിൽ നിന്നും നിക്ഷേപത്തുക ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | (ഇ) | ഏതെങ്കിലും സഹകരണ സംഘങ്ങൾക്ക് നിക്ഷേപം മടക്കി കൊടുക്കാൻകഴിയാതെ വന്നാൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും ഒരു നിക്ഷേപകന്റെ ഒരു ലക്ഷം രൂപ വരെയുള്ള തുക മടക്കി കൊടുക്കുന്നതായിരിക്കും. ടി സ്കീമിൽ ചേരുന്ന വായ്പ സഹകരണ സംഘങ്ങൾ കേരള സഹകരണ ചട്ടത്തിലെ ചട്ടം 63-ൽ പ്രതിപാദിക്കുന്ന തരള ധനം സൂക്ഷിച്ചിരിക്കണം, കൂടാതെ വായ്പ സഹകരണ സംഘത്തിന്റെ വിലപിടിപ്പുള്ള വസ്തുക്കളും രേഖകളും സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ചിട്ടി, പ്രതിമാസ നിക്ഷേപ പദ്ധതി എന്നിവ ഒഴികെയുള്ള എല്ലാ നിക്ഷേപങ്ങൾക്കും ടി സ്കീം പ്രകാരം സുരക്ഷ ലഭിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപാ നിക്ഷേപത്തിനും 10 പൈസ ടി വായ്പ സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം വിഹിതം അടച്ച സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ നിക്ഷേപ സുരക്ഷാ സ്കീം പ്രകാരം നിക്ഷേപകർക്ക് തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ